LIBRARY ARCHIVES Kerala Legislative Assembly

## V. റിപ്പോർട്ട് സമർപ്പണം

### 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

## VI. തിരുത്തൽ പ്രസ്താവന

### 1989-1990, 1990-1991 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളിൽ വന്നിട്ടുള്ള തെറ്റുകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഉപധനാഭ്യർത്ഥനയോടൊപ്പം 23-1-2004 ൽ സമർപ്പിച്ച അധിക ധനാഭ്യർത്ഥനകളുടെ 1989-1990, 1990-1991 എന്നീ വർഷങ്ങളിലെ സ്റ്റേറ്റ്മെന്റുകളിൽ ചില അച്ചടിപ്പിശകുകൾ കടന്നുകൂടിയിട്ടുണ്ട്. പ്രസ്തുത പിശകുകൾ തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII. വ്യക്തിപരമായ വിശദീകരണം

### കയർരംഗത്തെ സമരം

ഡോ. തോമസ് ഐസക്: സർ, ഞാൻ ഇന്നലെ സഭയിൽ ഇല്ലാത്ത സമയത്ത് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എന്നെ സംബന്ധിച്ച് വളരെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ടുള്ള പ്രസ്താവന നടത്തുകയുണ്ടായി.

മി. സ്പീക്കർ: ആക്ഷേപിച്ചോ, ആക്ഷേപിച്ചില്ല.

ഡോ. തോമസ് ഐസക്: അതെ, കയർ സമരത്തെ തുടർന്ന് ക്രയവില കുടിശ്ശിക നഷ്ടപരിഹാരമായി നൽകുന്നതിന് കയർ മുതലാളിമാർ സമ്മതിക്കുകയുണ്ടായി. എന്നാൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് സർക്കാർ വിസമ്മതിച്ചതിനെ തുടർന്നാണ് ഞങ്ങൾ ആ ഉത്തരവാദിത്വം സമരം തീർക്കുന്നതിനു വേണ്ടി ഏറ്റെടുത്തത്. 23 അംഗങ്ങൾ ഉള്ള കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. വി. എം. സുധീരൻ എം. പി.-യും, കൺവീനർ ഞാനുമാണ്. എല്ലാ ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ ഇതിൽ അംഗങ്ങളാണ്. ഈ കമ്മിറ്റി 14 തവണ യോഗം ചേർന്നു. എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായിട്ടാണ് എടുത്തിട്ടുള്ളത്. അച്ചടിച്ച അപേക്ഷാഫാറങ്ങൾ മുഴുവൻ ഫാക്ടറി ഉടമകൾക്കും നൽകി. അതിന്റെ